**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3740** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഭരണഭാഷ മാതൃഭാഷയായിരിക്കണമെന്ന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭരണഭാഷ മാതൃഭാഷയായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും, സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യ ങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് 13.01.2015 – ൽ സ.ഉ (അച്ചടി) നമ്പർ. 03/2015/ഉഭപവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം 2017മെയ്- 1 മുതൽ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി ഭരണ ഭാഷാ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഫയലുകളും ഉത്തരവുകളും പൂർണ്ണമായും മലയാളത്തിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സർക്കാർ നയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും കൈകാര്യംചെയ്യുന്ന ഫയലുകളും പുറപ്പെടുവിക്കുന്ന ഉത്തരവുകളും പൂർണ്ണമായും മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സാധാരണ ജനങ്ങളുടെ അറിവിലേക്കായി പുറപ്പെടുവിക്കുന്ന കോവിഡ് സംബന്ധിച്ച ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | ഇംഗ്ലീഷിൽ പുറപ്പെടുവിക്കേണ്ടിവരുന്ന ഉത്തരവുകളുടെ മലയാള പരിഭാഷ കൂടി പുറപ്പെടുവിക്കാറുണ്ട്. കൂടാതെ കോവിഡ് സംബന്ധിച്ച് ജില്ലാതലത്തിൽ പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങളും അറിയിപ്പുകളും നിർദ്ദേശങ്ങളും മറ്റും |

| | | | |
|---|---|---|---|
| | | | മലയാളത്തിലായിരിക്കണമെന്ന് എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഭരണഭാഷ മാതൃഭാഷയായിരിക്കണമെന്ന നയം നടപ്പാക്കാൻ ഫയലുകളും കത്തിടപാടുകളും വിവിധ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളും മലയാളത്തിൽ ആയിരിക്കണമെന്ന കർശന നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും, സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യ ങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് 13.01.2015 – ൽ സ.ഉ (അച്ചടി) നമ്പർ. 03/2015/ഉഭപവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം 2017മെയ്- 1 മുതൽ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി ഭരണ ഭാഷാ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ